ഇറയം റിസർച്ച് ജേർണൽ

May - August 2022 Volume VI Issue 2

# ലൈംഗികവ്യവസ്ഥ

# 'രുഗ്മിണിക്കൊരു പാവക്കുട്ടി' എന്ന നോവലിൽ

ഗ്രീഷ്മ വി.

**ആമുഖം**

ലൈംഗികത, ലൈംഗികവ്യവസ്ഥ എന്നിവ ചോദനയും നിയന്ത്രണവും തമ്മിലുള്ള ബന്ധത്തെ പ്രതിനിധാനം ചെയ്യുന്നു. ഭൂമിയിലെ എല്ലാ ജീവജാലങ്ങളിലുമുള്ള ആന്തരിക പ്രേരണയാണ് ലൈംഗികത. ഭൂലോകത്ത് വംശത്തെ നിലനിർത്തുക എന്നത് ലൈംഗികതയുടെ പ്രാഥമികലക്ഷ്യമായാണ് സമൂഹം പൊതുവെ കാണുന്നത്. എന്നാൽ ലൈംഗികത എന്ന ജൈവികപ്രക്രിയയെ കാലഘട്ടത്തിന് അനുസരിച്ച് മനുഷ്യൻ നിയന്ത്രിക്കാൻ ആരംഭിച്ചതോടെ ലൈംഗികത വ്യവസ്ഥാപിതമായ ചട്ടക്കൂട്ടിലേക്ക് മാറ്റപ്പെട്ടു. നിയമങ്ങളും നിയന്ത്രണങ്ങളും ഉൾക്കൊള്ളുന്ന വ്യവസ്ഥാപിതരീതിയിലേക്ക് നൈസർഗികമായ ഈ മനുഷ്യചോദനയെ നിയന്ത്രണവിധേയമാക്കുമ്പോൾ ലൈംഗികതയുടെ ഋജുവായ അവസ്ഥ നഷ്ടപ്പെടുകയും ലൈംഗികത സങ്കീർണ്ണത കൈവരിക്കുകയും ചെയ്യുന്നു.

മനുഷ്യജീവിതത്തിൻ അടിത്തറയായി നിലകൊള്ളുന്നത് ലൈംഗികതയാണ്. അതുകൊണ്ടുതന്നെ മനുഷ്യനുമായി ബന്ധപ്പെട്ട മേഖലകളിലെല്ലാം ലൈംഗികതയുടെ പ്രവർത്തനങ്ങൾ പ്രത്യക്ഷമോ പരോക്ഷമോ ആയി കാണപ്പെടുന്നു. സ്ത്രീ-പുരുഷബന്ധം ആവിഷ്കരിക്കുന്ന കലാസൃഷ്ടികളിൽ മിക്കവയിലും ലൈംഗികതയുടെയും ലൈംഗികതയുടെ വ്യവസ്ഥാപിതമായ അടയാളപ്പെടുത്തലുകളുടെയും ഏറ്റക്കുറച്ചിലുകൾ കാണാൻ സാധിക്കുന്നു.

മിഷേൽ ഫൂക്കോ ലൈംഗികതയെ സൈദ്ധാന്തികമായി പഠനവിധേയമാക്കുന്നു. വിവാഹം, കുടുംബം, സമൂഹം എന്നീ നിയന്ത്രണത്തിലൂടെ നിർമ്മിതമായ ഒരു വ്യവസ്ഥയിലേക്കുള്ള മാറ്റം ഫൂക്കോയുടെ ലൈംഗികതയുടെ ചരിത്രം എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

'ലൈംഗികത എന്നാൽ പ്രകൃതിയുടെ ജൈവികതയിൽ നിന്ന് ലഭിക്കുന്ന ശക്തിമാത്രമല്ല. മറിച്ച് അറിവുകളുടെ അറിയപ്പെടാത്ത ഒരു ഭൂമിക കൂടി അതിൽ തെളിഞ്ഞുകിടക്കുന്നുണ്ട്. എന്നാൽ ലൈംഗികതയെ നിർമ്മിച്ചെടുക്കുന്നത് ചരിത്രമാണ്'(2003 :16) എന്ന വീക്ഷണവും ഫൂക്കോ മുന്നോട്ട് വെക്കുന്നു. ലൈംഗികതയുടെ വ്യവസ്ഥാപിതമായ ഭൂതകാലം ഋജുവാണെങ്കിലും മനുഷ്യകുലം പ്രാകൃതജീവിതത്തിൽ നിന്ന് സംസ്കാരിയായി മാറാൻ ആരംഭിച്ചതോടെ നിയമ-നിയന്ത്രണങ്ങളുടെ സങ്കീർണ്ണതകൾ നിറഞ്ഞ വ്യവസ്ഥയിലേക്ക് ജൈവികമായ ഈ ചോദന മാറുന്നു. യൂറോപ്പ് ദൈവാധിഷ്ഠിതമായി തുടർന്നിരുന്ന കാലത്ത് ലൈംഗികതയോടുള്ള ചരിത്രസമീപന രീതി ഉൾവലിഞ്ഞതും വിമർശനാത്മകവുമായി കാണപ്പെട്ടിരുന്നതായി ഫൂക്കോ നിരീക്ഷിക്കുന്നു. ഇക്കാലത്ത് മിഷേൽ ഫൂക്കോ ലൈംഗികവ്യവസ്ഥയ്ക്കുനേരെ ഉയർത്തിയ ചോദ്യങ്ങൾ യൂറോപ്യൻ പ്രദേശങ്ങളിൽ

വലിയ മാറ്റങ്ങൾക്ക് കാരണമായി. ലൈംഗികതയും സാമ്പത്തികകൈമാറ്റവും, ലൈംഗികതയും അധികാരവും, ലൈംഗികതയും സമൂഹവും എന്നീ ഫൂക്കോ ആശയധാരകൾ ലൈംഗികബോധത്തിന് വലിയതോതിൽ മാറ്റം സൃഷ്ടിക്കാൻ കാരണമാക്കിയ ഘടകങ്ങളായിരുന്നു.

ലൈംഗികത എന്ന വാക്കിന് സമൂഹം നൽകിയിരുന്നത് നിഷേധാത്മകമായ ഒരു സമീപനരീതിയായിരുന്നു. കുറ്റബോധം, പാപബോധം, പ്രായ്ശ്ചിത്തം, ശിക്ഷ, അപകർഷതാബോധം എന്നീ പദങ്ങളുമായി ചേർന്നല്ലാതെ ലൈംഗികതയെക്കുറിച്ച് സംസാരിക്കാൻ സമൂഹം ആദ്യകാലങ്ങളിൽ ഭയപ്പെട്ടിരുന്നതായി ഫൂക്കോ നിരീക്ഷിക്കുന്നു. ലൈംഗികതയെക്കുറിച്ചുള്ള ചിന്തകൾ മൂടിവെക്കപ്പെടേണ്ടതാണെന്നും രഹസ്യാത്മകതയാണ് ഈ ജൈവികവാസനയുടെ ഭാഷയെന്നും സമൂഹം വിശ്വസിച്ചിരുന്നു. സിഗ്മണ്ട് ഫ്രോയിഡിൻറെ മനഃശാസ്ത്രപരമായ സമീപനത്തോടെ ഈ ആശയം കാലഹരണപ്പെടുകയും മിഷേൽ ഫൂക്കോയുടെ ലൈംഗികതയുടെ ചരിത്രം എന്ന പുസ്തകം ഫ്രോയിഡിൻറെ ആശയങ്ങളെ പിൻതാങ്ങുകയും പുതിയ ചില വീക്ഷണങ്ങളെ അവതരിപ്പിക്കുകയും ചെയ്യുന്നു. പ്രാചീനകാലത്ത് ലൈംഗികചിന്തയോട് താരതമ്യേന തുറന്ന മനോഭാവമാണ് സ്വീകരിച്ചിരുന്നതെങ്കിൽ ലൈംഗികതയ്ക്ക് മുകളിൽ പൗരോഹിത്യം ഏർപ്പെടുത്തിയ കർശനമായ വിലക്കുകളും നിയന്ത്രണങ്ങളും ലൈംഗികത എന്ന ജൈവികചോദനയെ നിയന്ത്രണത്തിലേക്ക് മാറ്റി. വിക്ടോറിയൻ കാലഘട്ടത്തിൽ ലൈംഗികത, രതി എന്നീ ചിന്തകളെ ശ്രദ്ധാപൂർവ്വം വീക്ഷിക്കാൻ തുടങ്ങുകയും, ലൈംഗികത രഹസ്യാത്മകമായി നിലനിർത്തേണ്ട ഒന്നാണെന്ന് വിശ്വസിക്കുകയും ചെയ്തിരുന്നു.' നിശ്ശബ്ദതയായിരുന്നു അതിന്റെ പൊതുഭാഷ '(2014:105) എന്ന് ഫൂക്കോ പ്രസ്താവിക്കുന്നു. ലൈംഗികതയുടെ രഹസ്യാത്മകസ്വഭാവം മൂലം പൊതു ഇടങ്ങളെല്ലാം ലൈംഗികതയ്ക്ക് നിരോധിതമേഖലകളായി മാറി. വിവാഹം, കുടുംബം, സമൂഹം എന്നിവ ഈ ജൈവികചോദനയെ കൃത്യമായി നിയന്ത്രിക്കുന്ന ഘടകങ്ങളായി കാലക്രമത്തിൽ മാറിയതായും, ലൈംഗികകാഴ്ചപ്പാടുകൾ തികച്ചും സങ്കീർണ്ണമായ ഒന്നായി മാറി എന്നും ഫൂക്കോ നിരീക്ഷിക്കുന്നു.

### രുഗ്മിണിക്കൊരു പാവക്കുട്ടി

ലൈംഗികചിന്ത രുഗ്മിണിക്കൊരു പാവക്കുട്ടി എന്ന നോവലിൽ വളരെ വിപുലമായ രീതിയിൽ എഴുത്തുകാരി അടയാളപ്പെടുത്തിയിരിക്കുന്നു. പെൺവർഗ്ഗത്തിനെതിരെ കാലങ്ങളായി നടക്കുന്ന പീഡനങ്ങളെ ലളിതവത്കരിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നതുതന്നെ. വളർത്തച്ഛനാൽ ബലാത്സംഗത്തിനിരയായ രുഗ്മിണി കുടുംബവ്യവസ്ഥയിൽ നിന്ന് പുറംതള്ളപ്പെടുന്നു .

വേശ്യാലയത്തെ കേന്ദ്രീകരിച്ച് വികസിക്കുന്ന നോവലിൽ ഫൂക്കോയിയൻ ചിന്താധാര ഉൾക്കൊള്ളുന്ന ലൈംഗികതയുടെ വ്യവസ്ഥാപിതമായ സ്ഥാപനങ്ങളുടെ പ്രവർത്തനവും നിയന്ത്രണങ്ങളും കാണാൻ സാധിക്കുന്നു. മനുഷ്യന്റെ ജൈവികവാസനയായ ലൈംഗികതയെ തുറന്നുവിടാൻ വ്യവസ്ഥാപിതമായ ചട്ടക്കൂടിന് പുറത്തുള്ള ഒരിടമായ വേശ്യാലയത്തെ കേന്ദ്രീകരിക്കുന്ന നോവൽ ലൈംഗികതയുടെ നിയന്ത്രിത-അനിയന്ത്രിതവ്യവസ്ഥയെ ഒരുപോലെ ബോധ്യപ്പെടുത്തുന്നു.

ലൈംഗികചോദനയെ നിയന്ത്രിക്കാനായി സമൂഹം നിർമ്മിച്ചെടുത്ത സ്ഥാപനങ്ങളെ നോവൽ ചോദ്യംചെയ്യുന്നു. ലൈംഗികവാസനയെ നിയന്ത്രിക്കുവാൻ സമൂഹം നിർമ്മിച്ചെടുത്ത വിവാഹം, കുടുംബം എന്നീ സങ്കൽപ്പങ്ങൾ തകരുമ്പോൾ വേശ്യാലയത്തിൽ അഭയം പ്രാപിക്കുന്ന അനസൂയ, രോഹിണി തുടങ്ങിയ കഥാപാത്രങ്ങൾ വ്യവസ്ഥയെയും നിയന്ത്രണങ്ങളെയും വെല്ലുവിളിക്കുക കൂടിയാണ്. വിവാഹതലത്തിലൂടെ സമൂഹം ലൈംഗികതയ്ക്ക് നൽകുന്ന നിയന്ത്രണത്തിൻ വ്യവസ്ഥാപിതമായ തകർച്ച വ്യക്തമാക്കുന്ന നോവൽ മനുഷ്യനും ഭൂമിയിലെ മറ്റ് ജീവജാലങ്ങളെപ്പോലെ ബഹുലൈംഗികവ്യവസ്ഥയുടെ ഭാഗമാണെന്ന് ബോധ്യപ്പെടുത്തുന്നു. എന്നാൽ നോവലിൽ മറ്റൊരു ഭാഗത്ത് ചെറുപ്പക്കാരനായ വിദ്യാർത്ഥിയുമായി പ്രണയ ബന്ധത്തിലാവുന്ന മീര ഏകദാമ്പത്യത്തെ ഇഷ്ടപ്പെടുകയും വേശ്യാലയം മുന്നോട്ട് വെക്കുന്ന ബഹുലൈംഗികവ്യവസ്ഥയെ നിരസിക്കുകയും ചെയ്യുന്നു. വ്യവസ്ഥാപിതമായ ഒരു സാമൂഹികബോധം മീരയിൽ പ്രവർത്തിക്കാൻ ആരംഭിക്കുമ്പോൾ മുതലാണ് ഈ മാറ്റം സൃഷ്ടിക്കപ്പെടുന്നത്. എല്ലാതരം നിയന്ത്രണങ്ങളെയും ലംഘിച്ച് കൊണ്ട് സമൂഹത്തിൽ അനിയന്ത്രിതമായി നടക്കുന്ന വേശ്യാലയത്തിലെ സ്ഥാനക്കാരിയായ ആയി (ലച്ച്മിബായി) പോലും പലപ്പോഴും ആ വ്യവസ്ഥയെ തെറ്റായി കാണുന്നു. 'എൻറെ മോൻ മടങ്ങിവന്നാൽ നിശ്ചയമായും ഞാൻ അവനെക്കൊണ്ടിവളെ വിവാഹം കഴിപ്പിക്കും. അവരെന്തു യോജിപ്പുള്ള ദമ്പതികളായിരിക്കും!'(2011:14) എന്ന ആയിയുടെ വാക്കുകൾ നിയന്ത്രിതമായ സാമൂഹികവ്യവസ്ഥയുടെ ഭാഗമാവാനുള്ള ശ്രമമായി നിരീക്ഷിക്കാൻ കഴിയുന്നു .

വിവാഹത്തെ വളരെ ശക്തമായി നിയന്ത്രിക്കുന്ന ഘടകമാണ് കുടുംബം. പാശ്ചാത്യചിന്താധാരയിൽനിന്ന് വ്യത്യസ്തമായി ഭാരതീയബോധമണ്ഡലം കുടുംബതലത്തിന് വലിയ പ്രാധാന്യം നൽകുന്നു. ശിഥിലപ്പെടാത്ത കുടുംബമാണ് സമൂഹത്തിന്റെ ആധാരം എന്ന് ഇന്ത്യൻ പൊതുബോധം വിശ്വസിക്കുന്നു. വിവാഹം ലൈംഗികതയ്ക്ക് നിയമപരമായ സുരക്ഷിതത്വം നൽകുമ്പോൾ കുടുംബം ലൈംഗികതയെ നിയന്ത്രിക്കുന്ന പ്രഥമ സ്ഥാപനമായി വർത്തിക്കുന്നു. നോവലിലെ പ്രധാനകഥാപാ ത്രമായ മീര ചെറുപ്പക്കാരനുമായി പ്രണയത്തിലാവുന്നതോടെ ബഹുലൈംഗികചിന്തയിൽ നിന്ന് വ്യതിചലിക്കുകയും ഏകദാമ്പത്യവ്യവസ്ഥയുടെ ഭാഗമായിക്കൊണ്ട് കുടുംബം എന്ന സ്ഥാ പനത്തിലേക്ക് എത്തിചേരാൻ ആഗ്രഹിക്കുന്നതും, നോവലിലെ തന്നെ മറ്റൊരു സന്ദർഭത്തിൽ വേശ്യാലയത്തിൽ ഉപേക്ഷിക്കപ്പെട്ട മീര കുടുംബിനിയായ ഒരു യുവതിയ്ക്ക് അവിഹിതബന്ധത്തിലുണ്ടായതാണെന്ന ആയിയുടെ അനുമാനവും കുടുംബം എന്ന വ്യവസ്ഥാപിത സ്ഥാപനം മുന്നോട്ട് വെക്കുന്ന ഫൂക്കോയിയൻചിന്തകളെ ഊട്ടിയുറപ്പിക്കുന്ന നിരീക്ഷണങ്ങളാണ്.

വിവാഹം കുടുംബത്തെ നിയന്ത്രിക്കുമ്പോൾ ഈ സ്ഥാപനങ്ങളെ വ്യവസ്ഥാപിതമായി നയിക്കുന്നത് നിയമ നിയന്ത്രണങ്ങളടങ്ങുന്ന സമൂഹമാണ്. നിയമങ്ങളെ അധികാരികളിലൂടെയും സദാചാരപാലകരിലൂടെയും നിയന്ത്രിക്കപ്പെടുന്നു. വിക്ടോറിയൻ കാലഘട്ടത്തിൽ വേശ്യാലയങ്ങൾ, മനോരോഗാശുപത്രികൾ എന്നിവിടങ്ങളിൽ മാത്രമായിരുന്നു ലൈംഗികതയെക്കുറിച്ച് പരസ്യമായി സംസാരിച്ചിരുന്നത്. മറ്റിടങ്ങളെല്ലാം ലൈംഗികത എന്ന വിഷയത്തെ കൈകാര്യം ചെയ്യാൻ കഴിയാത്ത നിരോധിത മേഖലയായിരുന്നെന്ന ഫൂക്കോയിയൻ നിരീക്ഷണത്തെ നോവൽ സാധൂകരിക്കുന്നു. പ്രത്യക്ഷത്തിൽ മുഖ്യധാരയിൽനിന്ന് അകന്നുനിൽക്കുന്നതും,

അംഗീകരിക്കപ്പെടാത്തതുമായ വേശ്യാലയങ്ങൾ ലൈംഗികതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാത്രമേ കൈകാര്യം ചെയ്യാവൂ എന്ന സാമൂഹികതാൽപര്യത്തെയും ധാരണയെയും മാധവിക്കുട്ടി തകർക്കുന്നു. മീര ചെറുപ്പക്കാരനായ വിദ്യാർത്ഥിയുമായി നിരന്തരമായി വേശ്യാലയത്തിൽ വെച്ച് നടത്തുന്ന വൈജ്ഞാനിക സംഭാഷണങ്ങളെല്ലാം പൊതുധാരണകളെ മറികടക്കാനുള്ള ശ്രമത്തിൻറെ ഭാഗമായി വീക്ഷിക്കാവുന്നതാണ്. ഫൂക്കോ ചോദ്യംചെയ്യുന്ന നിർമ്മിതമായ ലൈംഗികവ്യവസ്ഥയും അധികാരവുമായുള്ള ബന്ധം നോവലിൽ പ്രത്യക്ഷമായിതന്നെ കാണാൻസാധിക്കുന്നതാണ്. മീരയുടെ ഒളിച്ചോട്ടം അധികാരത്തിന്റെ ശരിയായ പ്രയോഗക്കുറവുകൊണ്ടാണെന്ന സമൂഹത്തിന്റെ കുറ്റപ്പെടുത്തലും, പുരുഷനുമായുള്ള ഏതൊരു ബന്ധത്തിലും വ്യവസ്ഥാപിതമായി നിലനിൽക്കുന്നത് അധികാരമാണെന്ന് വാദിക്കുന്ന ആയി ആരോടും പ്രത്യേകമമതയൊന്നും കാണിക്കാത്ത സരസ്വതിയെ ചൂണ്ടികാണിച്ചുകൊണ്ട് വേശ്യാലയത്തിലെ സ്ത്രീകളോട് സ്വതന്ത്രരായി ഇരിക്കാൻ ആവശ്യപ്പെടുന്നതും, ഇൻസ്പെക്ടർ സാഹിബും, മൂന്ന് പെൺമക്കളുടെ അച്ഛനുമായ സ്കൂൾ അധ്യാപകൻ എന്നീ അധികാരിവർഗ്ഗപ്രതിനിധികൾതന്നെ ആവശ്യാനുസരണം വ്യവസ്ഥയെ പ്രയോഗിക്കുന്നതിന്റെ വിരോധാഭാസവശത്തെ മാധവിക്കുട്ടിയുടെ ഈ നോവലിൽ വ്യക്തമാക്കുന്നു .

ഫൂക്കോയിയൻ വീക്ഷണം ലൈംഗികത എന്ന ജൈവീകമായ ചോദന അതിൻറെ ഋജുവായ അവസ്ഥ വെടിഞ്ഞ് എങ്ങനെ വ്യവസ്ഥാപിതമായി സങ്കീർണ്ണത കൈവരിച്ചു എന്ന് വ്യക്തമാക്കുമ്പോൾ മാധവിക്കുട്ടിയുടെ രുഗ്മിണിക്കൊരു പാവക്കുട്ടി എന്ന നോവൽ നിലനിൽക്കുന്ന സമൂഹത്തിൽ സങ്കീർണ്ണമായിത്തീർന്ന ലൈംഗികതയുടെ നൈസർഗ്ഗികമായ അവസ്ഥയെ രേഖപ്പെടുത്തികൊണ്ട് ഫൂക്കോയിയൻ സിദ്ധാന്തത്തെ സാധൂകരിക്കുന്നു.

## ഗ്രന്ഥസൂചി


ഗോപി കെ.എസ്., ലൈംഗികജീവിതം പ്രശ്നങ്ങളും പരിഹാരവും , 2011, അലി പബ്ലിക്കേഷൻസ്, കോഴിക്കോട്.

മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം, 2011,ഡി സി ബുക്സ്, കോട്ടയം.

സത്യൻ പി.പി., ലൈംഗികതയുടെ ചരിത്രം, ചിന്ത പബ്ലിക്കേഷൻസ്, 2014, തിരുവനന്തപുരം .

Foucault Michel, The History of Sexuality an introduction ( volume 1 ), 1978, New york, Pantheon Book.

Foucault Michel, The History of Sexuality ( volume 2 ), 1985, New york, Pantheon Book.

Foucault Michel, The History of Sexuality ( volume 3 ), 1986, New york, PantheonBook